പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 342

21.06.2019 - ൽ മറുപടിക്ക്

## വില നിയന്ത്രണത്തിൽ സഹകരണ മേഖലയുടെ പങ്ക്

ചോദ്യം

ശ്രീ.കെ.ഡി. പ്രസേനൻ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.കെ. ആൻസലൻ
ശ്രീ. കെ.കുഞ്ഞിരാമൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പ് എന്തെല്ലാം വിപണി ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിനായി കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും പ്രാഥമിക സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, നീതിസ്റ്റോറുകൾ എന്നിവയിലൂടേയും പൊതു വിപണിയിലെ വിലയേക്കാളും കുറഞ്ഞ വിലയിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിപണിയിൽ ശക്തമായി ഇടപെട്ട് വരുന്നു. ഉത്സവകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്തു വിലക്കയറ്റം നിയന്ത്രിച്ചു വരുന്നു. 2018 ലെ വർഷത്തെ റംസാൻ വിപണിക്കായി 77,41,115/- രൂപയും ഓണം വിപണിക്കായി 43,70,06,411/- രൂപയും ക്രിസ്തുമസ് പുതുവത്സര വിപണിക്കായി 6,68,48,059/- രൂപയും കൺസ്യൂമർഫെഡിന് സബ്സിഡിയായി അനുവദിച്ചു നൽകിയിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയിൽ വാങ്ങി വിപണിയിൽ ലഭ്യമാക്കുന്നതിനായി കൺസ്യൂമർ ഫെഡിൽ ഇ- |

| | | | | |
|---|---|---|---|---|
| | | | | ടെൻഡർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മറ്റി വിപുലീകരിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഉത്സവകാലങ്ങളിലെ വിലക്കയറ്റം തടയുന്നതിനായി നടത്തിയിട്ടുള്ള സബ്സിഡി വിപണന മേളകൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നു. കഴിഞ്ഞ ഓണക്കാലത്ത് 3466 വിപണികളിലൂടേയും ക്രിസ്തുമസ് പുതുവത്സരം പ്രമാണിച്ച് 460 വിപണികളിലൂടേയും നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയിരുന്നു. പാവപ്പെട്ടവരും സാധാരണക്കാരും കൂടുതലായി തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശമേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണിയുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വില്പന പിടിച്ചു നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് 680 അരിക്കടകൾ ആരംഭിച്ച് സുവർണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വില്പന നടത്തുകയും അരിവില പിടിച്ചു നിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000-നീതിസ്റ്റോറുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് ഇവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്ന |

| | | | |
|---|---|---|---|
| | | | വിപണി ഇടപെടൽ സംസ്ഥാനത്തെ വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിന് സഹായകരമായിട്ടുണ്ട്. |
| ബി) | പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ പൊതുമാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ നൽകുന്നതിന് ഉപഭോക്തൃ സഹകരണ സംഘങ്ങൾ എത്രമാത്രം പങ്കുവഹിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | അവശ്യവസ്തുക്കൾ പൊതു മാർക്കറ്റിലെ വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തുന്നതിന് വേണ്ടി കൺസ്യൂമർ ഫെഡറേഷനെ നോഡൽ ഏജൻസിയായി നിയോഗിച്ച് കൊണ്ട് പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെ ഗ്രാമപ്രദേശങ്ങളിൽ നീതി സ്റ്റോറുകൾ ആരംഭിച്ചു. ഉത്സവ കാലങ്ങളായ വിഷു, ഈസ്റ്റർ, ഓണം, റംസാൻ, ക്രിസ്തുമസ്, എന്നിവയോടനുബന്ധിച്ച് നൽകുന്ന സബ്സിഡി വിപണികളും ഇത്തരം നീതി സ്റ്റോറുകൾ വഴി നടത്തുന്നു. നീതി മെഡിക്കൽ സ്റ്റോറുകൾ വഴി 14% മുതൽ 60% വരെ വിലക്കുറവിൽ അവശ്യ മരുന്നുകൾ നൽകുന്നു. ഇ.ത്രിവേണികൾ ആരംഭിച്ച് ഗുണമേന്മയുള്ള സ്റ്റേഷനറി സാധനങ്ങൾ, കമ്പ്യൂട്ടർ പേപ്പറുകൾ, മറ്റ് ഉത്പന്നങ്ങൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നതിനും കൺസ്യൂമർ ഫെഡിന് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ അധ്യയന വർഷാരംഭത്തിലെ പഠനോപകരണ ങ്ങളുടെ അമിതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്റ്റുഡന്റ്സ് മാർക്കറ്റുകൾ കൺസ്യൂമർ ഫെഡ് ആരംഭിച്ചിട്ടുണ്ട്. മികച്ച പഠനത്തിന് മെച്ചപ്പെട്ട പഠനോപകരണങ്ങൾ എന്ന ലക്ഷ്യത്തിൽ എല്ലാ പഠനോപകരണ ങ്ങളും ഒരു കുടക്കീഴിൽ അണി നിരത്തുന്നതിന് സ്റ്റുഡന്റ്സ് മാർക്കറ്റുകൾ മുഖേന കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ 189-ഓളം പ്രവർത്തിക്കുന്ന ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഈ മേഖലയിൽ നല്ല നിലയിൽ വിപണി |

| | | | |
|---|---|---|---|
| | | | ഇടപെടലുകൾ നടത്തി വരുന്നു . |
| സി) | ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | സി) | ത്രിവേണി സൂപ്പർ മാർക്കറ്റുകൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഗുണനിലവാരം, വിലക്കുറവ്, വിശ്വസ്തത എന്നീ മുഖമുദ്രയോടു കൂടി പ്രവർത്തിക്കുന്ന ത്രിവേണി സ്റ്റോറുകൾ ലാഭവും, നഷ്ടവും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും മറ്റ് സർക്കാർ സംവിധാനങ്ങളുടേയും സഹായത്തോടു കൂടി വാടക രഹിത കെട്ടിടം കണ്ടെത്തി ആരംഭിക്കുവാൻ ആലോചിച്ച് വരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മെട്രോ നഗരങ്ങളിൽ കൺസ്യൂമർ ഫെഡ് സ്വന്തമായി കെട്ടിടം കണ്ടെത്തി വിപുലമായ രീതിയിൽ ഇലക്ട്രോണിക് ഉത്പന്നങ്ങൾ കൂടി ഉൾപ്പെടുത്തി ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ